# Sample Questions ?

# Malayalam

## Plus - 2

*Prepared by*
Department of Higher Secondary Education
(Examination wing)

# 1. സാഹിത്യവും സമൂഹവും

**C.O** : വിവിധ സാഹിത്യരചനകളിലെ സാമൂഹികാംശം വിശകലനം ചെയ്ത് കുറിപ്പുകളും പ്രബന്ധങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക.**

കുറ്റിരുട്ടിന്റെ കാർബൺ പുതപ്പിനുള്ളിൽ/മുട്ടി മരിച്ചു കിടക്കുന്നു. യാന്ത്രികർ/അപ്പോഴും മർത്ത്യ ശിൽപങ്ങൾ വിളിക്കുന്നു/മൃത്യുവില്ലാത്തോർ പ്രദർശനം കാണുക.

(മനുഷ്യപ്രദർശനം - കുരീപ്പുഴ ശ്രീകുമാർ)

ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ
ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ
ആരൊരാളീക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗം മുടക്കുവാൻ?

(അശ്വമേധം - വയലാർ)

മനുഷ്യത്വത്തിന്റെ അജയ്യതയാണ് മേൽകൊടുത്ത രണ്ടു കവിതാശകലങ്ങളിലെയും പ്രമേയം. ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പേടിപ്പിക്കുന്ന വളർച്ചയെ മാനുഷികമൂല്യങ്ങൾ, ഭാവന, സർഗശക്തി എന്നിവകൊണ്ട് അതിജീവിക്കാൻ മനുഷ്യനു കഴിയുമോ? ഉപന്യാസം തയാറാക്കുക.

*സ്കോർ : 8, പുറം : ഒന്നര, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | കവിതകളിലെ ആശയം കണ്ടെത്തൽ | 2 | |
| 2. | താരതമ്യത്തിലൂടെ ആശയം രൂപീകരിക്കൽ | 4 | |
| 3. | യുക്തിഭദ്രമായ അവതരണം | 2 | 8 |

**C.O** : വിവിധ സാഹിത്യരചനകളിലെ സാമൂഹികാംശം വിശകലനം ചെയ്ത് കുറിപ്പുകളും പ്രബന്ധങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: വിശകലനക്കുറിപ്പ് തയാറാക്കുക.**

"ഹാ! വിജിഗീഷുമൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ"

(വൈലോപ്പിള്ളി)

"വീടിനുമുന്നിൽ താനെഴുതിയവച്ച ആത്മഹത്യാ ഭീഷണി അതൊരു വലിയ അസംബന്ധമാണെന്ന് അയാൾക്കപ്പോൾ തോന്നി. എത്രയും പെട്ടെന്ന് അതവിടെ നിന്ന് മാറ്റണം.

(കൊമാല - സന്തോഷ് എച്ചിക്കാനം)

കൊമാലയിലെ വിശ്വൻകുണ്ടൂരിനുണ്ടായ മാനസിക പരിവർത്തനം വൈലോപ്പിള്ളിയുടെ ജീവിത ദർശനവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| 1. വരിയുടെ ആശയം തിരിച്ചറിയുന്നതിന് | 2 | |
| 2. ജീവിതദർശനങ്ങൾ താരതമ്യം ചെയ്യുന്നതിന് | 4 | 6 |

**C.O** : സാഹിത്യനിരൂപണങ്ങളും സാമൂഹികനിരൂപണങ്ങളും തയാറാക്കുക.

**ചോദ്യം: നിരൂപണക്കുറിപ്പ് തയാറാക്കുക.**

'അക്ഷമൻ, ഓർമകളില്ലാത്തവൻ, ഇന്നലയോ നാളയോ ഇല്ലാത്തവൻ, ഉപരിതലങ്ങൾ പരമപ്രധാനമായി കാണുന്നവൻ, മണ്ടത്തരങ്ങൾ പറയുന്നവൻ, യാത്രകൾ പാതിവഴിയിൽ അവസാനിപ്പിക്കുന്നവൻ' ഈ വിശേഷണങ്ങൾ വെള്ള സോക്സിട്ട മുടിനാരുകൾ എന്ന ഉപന്യാസത്തിൽ യുവാവിനെ സൂചിപ്പിക്കുന്നവയാണ്.

"ഓർക്കുക യൗവനത്തിന്റെ ഫലമല്ല ഈ ലോകത്തിന്റെ വിസ്തൃതി. ഈ സമ്പന്നമായ ഭൂമിയിലേക്ക് വൃദ്ധന്റെ ഇടറിയ കാലുകളുപയോഗിച്ചാണ് മനുഷ്യൻ വന്നത്."

(വെള്ള സോക്സിട്ട മുടിനാരുകൾ)

യൗവനത്തെ അപഹസിക്കാനും വാർദ്ധക്യത്തിന്റെ ദൗർബല്യങ്ങളെ മഹത്വവത്കരിക്കാനുമുള്ള ബോധപൂർവമായ ശ്രമം വെള്ള സോക്സിട്ട മുടിനാരുകൾ എന്ന ഉപന്യാസത്തിലുണ്ടോ?

നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| 1. ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട് | 2 | |
| 2. യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് | 4 | 6 |

**C.O** : സാഹിത്യനിരൂപണങ്ങളും സാമുഹികനിരൂപണങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: താരതമ്യക്കുറിപ്പ് തയാറാക്കുക.**

മനുഷ്യപ്രദർശനത്തിലേക്ക് വികസിക്കുന്ന ആശയം ശ്രീ. എം. മുകുന്ദന്റെ പ്ലാസ്റ്റിക് എന്ന കഥയിൽ കാണാം. ജീവിതത്തെക്കുറിച്ചുള്ള ഇരുണ്ട ദർശനത്തിലാണ് പ്ലാസ്റ്റിക് അവസാനിക്കുന്നതെങ്കിലും ഏതു ദുരന്തത്തെയും അതിജീവിക്കുന്ന പ്രത്യാശാബോധത്തിലാണ് മനുഷ്യപ്രദർശനം അവസാനിക്കുന്നത്. ഈ രണ്ടു രചനകളെ തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| 1. രണ്ട് രചനകളിലും പ്രകടമാകുന്ന ദർശനത്തിന്റെ വ്യത്യാസം തിരിച്ചറിയുന്നു. | 3 | |
| 2. ഈ രചനകളുടെ ആശയപരമായ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു | 3 | 6 |

**C.O** ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്ത് അഭിപ്രായപ്രകടനം നടത്തുന്നതിനും വ്യത്യസ്ത നിരീക്ഷണങ്ങൾ വിലയിരുത്തുന്നതിനും.

**ചോദ്യം: താരതമ്യക്കുറിപ്പ് തയാറാക്കുക**

'സാഹിത്യരചനകളിൽ സമൂഹം പ്രതിഫലിക്കുന്നുണ്ടോ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു സംവാദം സംഘടിപ്പിച്ചിരിക്കുന്നു. നിങ്ങൾക്ക് പരിചയമുള്ള ഒരു സാഹിത്യ രചനയെ അടിസ്ഥാനമാക്കി നിങ്ങളുടെ വാദഗതികൾ സമർഥിക്കുന്ന കുറിപ്പു തയാറാക്കുക.

*സ്കോർ : 6, പുറം : അര, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | സാമൂഹികപ്രശ്നങ്ങൾ കൃതികളിൽ പ്രതിഫലിക്കുന്നു എന്നു സ്ഥാപിച്ചിട്ടുണ്ട് | 3 | |
| 2. | കൃതിയുടെ അടിസ്ഥാനത്തിൽ ആശയങ്ങൾ സമർഥിച്ചിട്ടുണ്ട് | 3 | 6 |

**C.O** : വിവിധ സാഹിത്യരചനകളിലെ സാമൂഹികാംശങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകളും പ്രബന്ധങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: മുഖപ്രസംഗം തയാറാക്കുക.**

എല്ലാ സുമവുമവന്റെയിച്ഛയ്ക്കൊത്തു
മെല്ലെ വളർന്നുതാൻ പൂർണതയിൽ
ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലിനിർത്താതെ സൂക്ഷിച്ചുകൊൾവിൻ.

ഈ വരികളുടെ ആശയം ഉൾക്കൊണ്ട് സാമൂഹികനീതിയുടെ സന്ദേശം പ്രതിപാദിക്കുന്ന ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | കവിതയുടെ ആശയം ഉൾക്കൊണ്ട് സാമൂഹികനീതിയെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കിയിട്ടുണ്ട് | 4 | |
| 2. | ഉചിതമായി ആവിഷ്ക്കരിച്ചിട്ടുണ്ട് | 2 | 6 |

**C.O** : വിവിധ സാഹിത്യരചനകളിലെ സാമൂഹികാംശങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകളും പ്രബന്ധങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക.**

താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗത്ത് പ്രതിഫലിക്കുന്ന സാമൂഹികപ്രശ്നം മുൻനിർത്തി 'സ്ത്രീയുടെ സാമൂഹിക പദവി' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

"അടുക്കളയിലെ തേഞ്ഞുതീരുന്ന
വീട്ടുപകരണമാണ് ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന

പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണത ഒട്ടുമില്ലാത്ത ഒരുപകരണം
എന്റെ കുട്ടികൾക്ക്
ചിലപ്പോൾ എണ്ണമറ്റ പലഹാരങ്ങൾ നിർമിക്കുന്ന
ഒരു യന്ത്രമാണ് ഞാൻ.
ചിലപ്പോൾ കടിക്കാൻ മറന്ന കുരയ്ക്കുന്ന പട്ടി
ചെറിയവർക്ക് വലിയവന്റെ യജമാനൻമാരാകാമെന്ന് തേനീച്ചയുടെയും ഉറുമ്പിന്റെയും
പാഠത്തിലൂടെ ഞാനവരെ പഠിപ്പിച്ചിരുന്നു.
അതിനാൽ എന്റെ കൽപനകളോട് അവർ പ്രതികരിക്കാറില്ല."

(പ്രതിഷ്ഠ - സാവിത്രി രാജീവൻ)

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | കാവ്യഭാഗത്തെ ആശയം കണ്ടെത്തിയിട്ടുണ്ട് | 2 | |
| 2. | സ്ത്രീയുടെ സാമൂഹികപദവി കാവ്യഭാഗവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട് | 4 | |
| 3. | യുക്തിഭദ്രവും ഉചിതവുമായി ആവിഷ്ക്കരിച്ചിട്ടുണ്ട് | 2 | 8 |

**C.O** : സാഹിത്യരചനകളിലെ സാമൂഹികാംശങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകളും പ്രബന്ധങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: ആസ്വാദനക്കുറിപ്പ് തയാറാക്കുക**

താഴെകൊടുത്ത കവിതയിൽ അടങ്ങിയിരിക്കുന്ന സാമൂഹിക വിമർശനതലം കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുക.

ഈ ആഴ്ച ഞാൻ വായിക്കുന്നത്
ഫ്രഞ്ച്നോവൽ
കണ്ടത് ഇറ്റാലിയൻ സിനിമ
സംശയമുദിച്ചത് സംസ്കൃതവ്യാകരണത്തിൽ
മുറിവുണക്കിയത് ഇംഗ്ലീഷ് ലേപനം
എന്റെ ആനന്ദം ഹിന്ദുസ്ഥാനി സംഗീതം
ആവശ്യം ആന്ധ്രാറേഷൻ
നട്ടുച്ചമുറിച്ച് ഞാൻ കൂർക്കം വലിക്കുന്നതോ
മലയാളത്തിൽ മാത്രം.

(പി. എൻ. ഗോപീകൃഷ്ണൻ)

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | കവിതയിലെ ആശയം കണ്ടെത്തുന്നതിന്. | 2 | |
| 2. | ആസ്വാദനതലത്തിലൂന്നി സാമൂഹികപ്രശ്നം വിശദീകരിക്കുന്നതിന് | 4 | 6 |

**C.O** : വിവിധ സാഹിത്യരചനകളിലെ സാമൂഹികാംശങ്ങൾ കണ്ടെത്തി കുറിപ്പുകളും പ്രബന്ധങ്ങളും തയാറാക്കുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക**

'തന്റെ ആത്മഹത്യകൊണ്ട് സമൂഹത്തിന് ഒരു ഷോക്ക് കൊടുക്കാമെന്നാണ് വിശ്വൻകുണ്ടൂർ കരുതിയത്. പക്ഷേ, അനുഭവം അയാളെ പഠിപ്പിച്ചത് താനൊഴികെ മറ്റെല്ലാവരും മരിച്ചനിലയിലാണെന്നാണ്. ഈ തിരിച്ചറിവാണ് ആത്മഹത്യബോർഡ് നീക്കം ചെയ്യാൻ അയാളെ പ്രേരിപ്പിച്ചത്.'

കൊമാലയെക്കുറിച്ചുള്ള ഈ പ്രസ്താവനയെ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

*സ്കോർ : 8, പുറം : ഒന്നര, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രസ്താവനയുടെ ആശയം ഗ്രഹിക്കുന്നതിന് | 2 | |
| 2. | കഥയുമായി ബന്ധിപ്പിച്ച് വിശദീകരിക്കുന്നതിന്. | 4 | |
| 3. | ഉചിതമായ ആവിഷ്ക്കാരത്തിന് | 2 | **8** |

**C.O** : ചിത്രങ്ങൾ, കാർട്ടൂണുകൾ എന്നിവ വ്യാഖ്യാനിച്ച് കുറിപ്പ് തയാറാക്കുന്നതിന്.

**ചോദ്യം: കുറിപ്പെഴുതുക**

ഒട്ടേറെ സംഘർഷങ്ങളിലൂടെയും സമ്മർദ്ദങ്ങളിലൂടെയുമാണ് വർത്തമാനകാലബാല്യം കടന്നുപോകുന്നത്. 'കല്ലുവെച്ച നുണകൾ' എന്ന രചനയിലെ ഉമപ്രസീദ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെ തന്നിരിക്കുന്ന കാർട്ടൂൺ ചിത്രവുമായി ബന്ധിപ്പിച്ച് വിശദീകരിക്കുക.

*സ്കോർ : 6, പുറം : അര, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ചിത്രത്തിൽ നിന്ന് സാമൂഹികപ്രശ്നം കണ്ടെത്തിയിട്ടുണ്ട് | 2 | |
| 2. | കണ്ടെത്തിയപ്രശ്നം കഥാസന്ദർഭവുമായി ബന്ധിപ്പിച്ച് വിശദീകരിച്ചിട്ടുണ്ട് | 4 | **6** |

# 2. കാഴ്ചയുടെ അകവും പുറവും

**C.O** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: കഥാപാത്രനിരൂപണം തയാറാക്കുക**

'ദുർഗ എന്നാൽ വനപർവത ദുർഗമസ്ഥാനങ്ങളിൽ വസിക്കുന്നവൾ എന്നർഥം. പ്രകൃതിയുടെ മകൾ തന്നെയാണ് ദുർഗ. ഒടുവിൽ, പ്രകൃതിതന്നെ അവളെ തിരികെ കൊണ്ടുപോകുന്നു'- പഥേർ പാഞ്ചാലിയെക്കുറിച്ച് ഒരു നിരൂപകന്റെ നിരീക്ഷണമാണിത്. ഈ നിരീക്ഷണത്തെ മുൻനിർത്തി പഥേർ പാഞ്ചാലി എന്ന സിനിമയിലെ ദുർഗ എന്ന കഥാപാത്രത്തെ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രസ്താവനയെക്കുറിച്ചുള്ള ധാരണ വ്യക്തമാക്കുന്നതിന് | 2 | |
| 2. | ഉള്ളടക്കവുമായി ബന്ധപ്പെടുത്തി കഥാപാത്രത്തെ വിശകലനം ചെയ്യുന്നതിന് | 4 | 6 |

**C.O** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വാദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: വിശകലനം തയാറാക്കുക**

'പഥേർ പാഞ്ചാലിയിൽ പണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഏറെയാണ്. ഒടുവിൽ പണവുമായി ഹരിഹർറായ് വരുമ്പോഴേക്കും ദുർഗ പോയിക്കഴിഞ്ഞിരുന്നു. ധനത്തിന്റെ ദേവതയായ ലക്ഷ്മിയുടെ ചിത്രവും ഹരിഹർറായ് കൊണ്ടുവന്നിരുന്നു. ലക്ഷ്മി വരുമ്പോൾ പ്രകൃതിയുടെ പ്രതീകമായ ദുർഗ പോകുന്നു. പണത്തിന്റെ വരവോടെ പ്രകൃതി ഇല്ലാതാകും എന്നാകും സൂചന'- ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തി കുറിപ്പെഴുതുക. സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്താവുന്നതാണ്.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രസ്താവനയോട് ഉചിതമായി പ്രതികരിച്ചിട്ടുണ്ട്. | 2 | |
| 2. | ഉള്ളടക്കവുമായി ബന്ധിപ്പിച്ച് സ്വന്തം നിലപാടുകൾ സ്ഥാപിച്ചിട്ടുണ്ട് | 4 | |
| 3. | സമകാലിക സംഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട് | 2 | 8 |

**C.O.** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വാദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: വിശകലനം തയാറാക്കുക**

'മുല്ലവള്ളി, മാൻകിടാവ്, തേൻമാവ് തുടങ്ങിയവയൊക്കെ കാളിദാസന്റെ ശാകുന്തളം കാവ്യത്തിലെ കഥാപാത്രങ്ങളായി വരുന്നു. മനുഷ്യരുടേതുപോലെ ഇവയ്ക്കും വികാരവിചാരങ്ങളുള്ളതായാണ് ചിത്രീകരിക്കുന്നത്. പഥേർ പാഞ്ചാലിയിലും മനുഷ്യരും പ്രകൃതിയും ഒന്നായി ലയിച്ചു ചേരുന്ന തായി കാണാം. ദൃശ്യശാകുന്തളം എന്നു തന്നെ ഈ സിനിമയെ വിശേഷിപ്പിക്കാം'- പഥേർ പാഞ്ചാലിയിലെ പ്രകൃതി - മനുഷ്യബന്ധത്തെ വിശകലനം ചെയ്ത് ഒരു കുറിപ്പെഴുതുക.

*സ്കോർ : 8, പുറം : ഒന്നര, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രസ്താവനയിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. | 2 | |
| 2. | ചലച്ചിത്രം വിശകലനം ചെയ്ത് ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചിട്ടുണ്ട് | 4 | |
| 3. | ഉചിതമായ ആവിഷ്കാരശൈലിയുണ്ട് | 2 | **8** |

**C.O** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വാദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: കുറിപ്പ് തയാറാക്കുക**

'ഇല്ലായ്മയിലും സന്തോഷം കണ്ടെത്താൻ കഴിഞ്ഞ ബാല്യത്തെയാണ് എം.ടി.വാസുദേവൻ നായ രുടെ കണ്ണാന്തളിപ്പൂക്കളുടെ കാലത്തിൽ കാണുന്നത്. ദാരിദ്ര്യമാണെങ്കിലും, പ്രകൃതി എം.ടി. ക്ക് ആനന്ദം നൽകുന്നു. ഇതേ അവസ്ഥയാണ് പഥേർ പാഞ്ചാലിയിലെ ദുർഗയുടേതും അപുവിന്റേതും'- ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? വിശദീകരിച്ച് കുറിപ്പെഴുതുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ഉള്ളടക്കവുമായി ബന്ധപ്പെട്ട് ആശയം രൂപീകരിക്കുന്നതിന്. | 2 | |
| 2. | യുക്തിഭദ്രമായി വിശദീകരിക്കുന്നതിന്. | 4 | **6** |

**C.O** : ദൃശ്യമാധ്യമങ്ങളുടെ വിവിധ അംശങ്ങൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നതിന്.

**ചോദ്യം: നിരൂപണക്കുറിപ്പ് തയാറാക്കുക**

'സ്ത്രീകളുടെ കണ്ണിലൂടെയുള്ള കാഴ്ചകളെ പഥേർ പാഞ്ചാലിയിലുള്ളൂ. പുരുഷന്മാർ എന്തു ചെയ്യു ന്നുവെന്ന് ക്യാമറ അന്വേഷിക്കുന്നില്ല. പുരുഷകഥാപാത്രങ്ങൾ അപ്രധാനങ്ങളാകുന്നത് നാം കാണു ന്നു.'- ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? ഉദാഹരണസഹിതം വിശദീകരിച്ച് കുറി പ്പെഴുതുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രസ്താവനയോട് പ്രതികരിച്ചിട്ടുണ്ട്. ................................................................ | 2 | |
| 2. | നിലപാട് യുക്തിഭദ്രമായി വിശദീകരിച്ചിട്ടുണ്ട്. ................................................ | 4 | **6** |

**C.O** : ദൃശ്യമാധ്യമങ്ങളിലെ വിവിധ ആശയങ്ങൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നതിന്.

**ചോദ്യം: നിരൂപണം തയാറാക്കുക**

ഒരു പരസ്യചിത്രത്തിന്റെ തിരക്കഥ ചുവടെ കൊടുക്കുന്നു.

*ഒരു ഇന്റർവ്യൂരംഗം:*

ഇൻർവ്യൂബോർഡിനുമുന്നിലേക്ക് ഒരു കറുത്ത പെൺകുട്ടി കടന്നുവരുന്നു. ബോർഡ് അംഗങ്ങളുടെ മുഖത്ത് നീരസം. അലസമായി അവർ സർട്ടിഫിക്കറ്റുകൾ വാങ്ങി നോക്കി തിരിച്ചു നൽകുന്നു.

*പെൺകുട്ടി*: എനിക്ക് ഒന്നാം റാങ്കുണ്ട് സാർ...

ബോർഡ് അംഗങ്ങൾ പരിഹാസത്തോടെ ചിരിക്കുന്നു.

പെൺകുട്ടി നിരാശയോടെ നിൽക്കുന്നു.

ഒരു വെളുത്ത പെൺകുട്ടി കടന്നുവരുന്നു. ബോർഡ് അംഗങ്ങൾ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

*വെളുത്തപെൺകുട്ടി*: സാർ, ഇതാ സർട്ടിഫിക്കറ്റ്..

ബോർഡ് തലവൻ: യൂ ആർ സെലക്ടഡ്.

*വെളുത്തപെൺകുട്ടി തിരിഞ്ഞ് കറുത്ത പെൺകുട്ടിയോട്*:

വിഷമിക്കേണ്ട, ഹിമാലയ സോപ്പ് ഉപയോഗിച്ചാൽ മതി. സോപ്പുമായി തുള്ളിച്ചാടുന്ന കറുത്ത പെൺകുട്ടി

- ഈ പരസ്യത്തിലെ, സാമൂഹികനീതിക്ക് നിരക്കാത്തതും ജനാധിപത്യവിരുദ്ധവുമായ ആശയങ്ങൾ വിശകലനം ചെയത് കുറിപ്പ് തയാറാക്കുക.

*സ്കോർ : 6, പുറം : അര, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രശ്നങ്ങൾ കണ്ടെത്തുന്നതിന്. ................................................................ | 2 | |
| 2. | യുക്തിഭദ്രമായി വിശദീകരിക്കുന്നതിന്. ................................................ | 4 | **6** |

**C.O** : വാർത്താചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവയ്ക്ക് ആവശ്യമായ തിരക്കഥ തയാറാക്കുന്നതിന്.

**ചോദ്യം: ദൃശ്യസൂചനകൾ തയാറാക്കുക**

'പരിസരമലിനീകരണവും പകർച്ചവ്യാധിയും' എന്ന വിഷയം മുൻനിർത്തി നിർമിക്കാനുദ്ദേശിക്കുന്ന ലഘു ഡോക്യുമെന്ററിക്കുവേണ്ട നാല് ദൃശ്യങ്ങൾ എഴുതുക.

*സ്കോർ : 4, പുറം : ...., സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ഉചിതമായ ദൃശ്യങ്ങൾ കണ്ടെത്തുന്നതിന്. ........................................................ | 4 × 1 | **4** |

**C.O** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വാദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: കുറിപ്പ് തയാറാക്കുക**

"വൈക്കം കായലിന്റെ തീരത്തെ വാഴത്തോട്ടങ്ങൾക്കിടയിലൂടെ കാച്ചിയും തട്ടവുമിട്ട ഒരു മുസ്ലീം പെൺകുട്ടി (സുഹറ) ഓടുകയാണ്. സുഹറ ഖുർആൻ ഓതുന്നു. 'സ്നേഹിച്ചിരുന്നവർ മരിച്ചുപോവുക'. ഇതിൽ അത്ഭുതകരമായി എന്താണ് ഉള്ളത്."

സുഹറ ഓതുന്ന ദൃശ്യത്തിലെ ഖുർആൻ വെച്ച ഇറയാൽ തട്ട് മാത്രം. സുഹറ ഇല്ല.

'പിന്നെ നായകൻ മജീദുണ്ടല്ലോ. അയാൾക്കിപ്പോ വലിയ കഷണ്ടി ആയിപ്പോയി.

ബഷീർ കഷണ്ടി തടവുന്നു.

– ഇവിടെ ബഷീറിന്റെ ജീവിതവും സാഹിത്യവും മുഖാമുഖം നിർത്തി ആവിഷ്ക്കരിക്കുന്നതിൽ ഡോക്യുമെന്ററി രചയിതാവ് എത്രത്തോളം വിജയിച്ചിട്ടുണ്ടെന്നു പരിശോധിക്കുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ഡോക്യുമെന്ററി ഭാഗത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. ................................ | 2 | |
| 2. | വ്യക്തിജീവിതവും സാഹിത്യജീവിതവുമായി ബന്ധപ്പെടുത്തി ദൃശ്യങ്ങൾ വിശകലനം ചെയ്തിട്ടുണ്ട് ........................................................ | 4 | **6** |

**C.O** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വാദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: കുറിപ്പ് തയാറാക്കുക**

'തന്റെ ചുറ്റുപാടിൽ നിന്നാണ് ബഷീർ സാഹിത്യകൃതികൾക്കുവേണ്ട അസംസ്കൃത വസ്തുക്കൾ കണ്ടെടുത്തത്' – ബഷീർ ദ മാൻ എന്ന ഡോക്യുമെന്ററിയിലെ താഴെക്കൊടുത്ത ഭാഗങ്ങളെ അടിസ്ഥാനമാക്കി ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പെഴുതുക.

'മൂവാറ്റുപുഴയാറ് രണ്ട് കൈവരികളായി ഒഴുകിവന്ന് ഒന്നായിച്ചേർന്ന് Y എന്നെഴുതിയതുപോലെ ഒരു വലിയ നദിയായി ഒഴുകുന്നു.

*        *        *

ബഷീർ പഠിച്ച എൽ.പി. സ്കൂൾ. കുട്ടികളൊന്നുമില്ലാത്ത ക്ലാസ് മുറി. ബെഞ്ചുകൾ ശൂന്യം. അതിലൊന്നിൽ ബഷീർ ഒറ്റയ്ക്ക് കുടയും കുത്തിപ്പിടിച്ച് ഇരിക്കുന്നു. അകലത്തെവിടുന്നോ ഒരു ചോദ്യം. ഒന്നും ഒന്നും കൂട്ട്യാലെത്ര?

ഉത്തരം: ഇമ്മിണി വല്യ ഒന്ന്.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | പ്രസ്താവനയുടെ ആശയം മനസിലാക്കുന്നതിന്. | 2 | |
| 2. | ദൃശ്യവും വ്യക്തിജീവിതവുമായി ബന്ധിപ്പിക്കുന്നതിന്. | 3 | |
| 3. | ദൃശ്യവും സാഹിത്യവുമായി ബന്ധിപ്പിക്കുന്നതിന് | 3 | **8** |

**C.O** : ദൃശ്യമാധ്യമങ്ങളുടെ വിവിധ ആശയങ്ങൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക**

ദൃശ്യമാധ്യമങ്ങളും പരസ്യങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

*സൂചനകൾ*: ഉൽപന്നങ്ങളെയല്ല ബ്രാന്റുകളെയാണ് പരിചയപ്പെടുത്തുന്നത്.

- അവ ആഗ്രഹങ്ങൾ സൃഷ്ടിക്കുന്നു.
- സമ്പന്നരുടെ ജീവിതശൈലിയെ മഹത്വവൽക്കരിക്കുന്നു.
- ഉപഭോഗസംസ്കാരം പ്രചരിപ്പിക്കുന്നു.
- സ്ത്രീയെ വെറുമൊരു കച്ചവടവസ്തുവായി ചിത്രീകരിക്കുന്നു.

*സ്കോർ : 8, പുറം : ഒന്നര, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | സൂചകൾ വിശദീകരിക്കുന്നതിന് | 3 | |
| 2. | നിലപാടുകൾ സ്ഥാപിക്കുന്നതിന്. | 3 | |
| 3. | ഉചിതമായ ആവിഷ്കാരത്തിന് | 2 | **8** |

**C.O** : ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ ആസ്വാദിക്കുന്നതിനും സാങ്കേതികത, സവിശേഷതകൾ എന്നിവ കണ്ടെത്തി നിരൂപണം, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നതിനും.

**ചോദ്യം: കുറിപ്പെഴുതക**

'സിനിമയുടെ ഭാഷയെന്നാൽ, അതിലെ കഥാപാത്രങ്ങളുടെ സംഭാഷണഭാഷയല്ല, ദൃശ്യങ്ങളുടെ ഭാഷയാണ്. ദൃശ്യങ്ങൾ സ്വയം സംസാരിക്കും. അങ്ങനെ സ്വയം സംസാരിക്കാനാവത്തതു മാത്രമേ സംഭാഷണത്തിലൂടെ പറയാവൂ' - സിനിമയുടെ ഭാഷ എന്ന പേരിൽ ഒരു വിദ്യാർഥി എഴുതിയ ലേഖനത്തിലെ വരികളാണിവ.

പഥേർ പാഞ്ചാലി എന്ന സിനിമയിൽ നിന്ന് മേൽപ്പറഞ്ഞ പ്രസ്താവനയെ സാധൂകരിക്കുന്ന രണ്ടു ദൃശ്യങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ഉചിതമായ രണ്ടു ദൃശ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | 2 | |

| | | | |
|---|---|---|---|
| 2. | ദൃശ്യങ്ങളെ യുക്തിപൂർവം വിശദീകരിച്ചിട്ടുണ്ട്. ................................................ | 6 | **8** |

**C.O** : വാർത്താചിത്രങ്ങൾ, ഡോക്യുമെന്ററികൾ ഇവയ്ക്കാവശ്യമായ തിരക്കഥകൾ തയാറാക്കുന്നതിന്.

**ചോദ്യം: ശബ്ദവിവരണം തയാറാക്കുക**

തന്നിരിക്കുന്ന ദൃശ്യങ്ങൾക്ക് ഉചിതമായ ശബ്ദവിവരണം തയാറാക്കുക.

| | ദൃശ്യം | ശബ്ദവിവരണം |
|---|---|---|
| 1. | ഒരു കുന്ന് ഇടിച്ചുമുന്നേറുന്ന ജെ.സി.ബി. | |
| 2. | കോരിച്ചൊരിയുന്ന മഴ | |
| 3. | കുന്ന് നിന്നിരുന്ന സ്ഥലത്തുകൂടി മഴവെള്ളം ഒഴുകിപ്പോവുന്നു. | |
| 4. | കുടിവെള്ളപൈപ്പിനു മുന്നിൽ പാത്രങ്ങളുമായി വരിയായി നിൽക്കുന്ന ജനങ്ങൾ | |

*സ്കോർ : 4, പുറം : ...., സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ദൃശ്യങ്ങൾ സംവേദനം ചെയ്യുന്ന ആശയം ഉൾക്കൊണ്ടിട്ടുണ്ട്. ........................ | 1 | |
| 2. | ഉചിതമായ ശബ്ദവിവരണം തയാറാക്കിയിട്ടുണ്ട്. .............................................. | 3 | **4** |

**C.O** : ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്ത് അഭിപ്രായപ്രകടനം നടത്തുന്നതിനും വ്യത്യസ്തനിരീക്ഷണങ്ങൾ വിലയിരുത്തുന്നതിനും.

**ചോദ്യം: സ്കൂളിലെ കരിയർ ഗൈഡൻസ് സെൽ ഉദ്ഘാടനച്ചടങ്ങിൽ അവതരിപ്പിക്കുന്നതിന് ദൃശ്യമാധ്യമങ്ങളും തൊഴിൽ സാധ്യതയും എന്ന വിഷയത്തെ മുൻനിർത്തി പ്രഭാഷണം തയാറാക്കുക**

*സൂചനകൾ:*

- സാങ്കേതികതയും സർഗാത്മകതയും സമ്മേളിക്കുന്നതിനാൽ ഭാഷാസാഹിത്യങ്ങളിലെ കഴിവുകൾക്ക് അംഗീകാരം ലഭിക്കുന്നു.
- സർഗാത്മകശേഷികളും അഭിരുചിയും പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- കാഴ്ചപ്പാടുകളും ചിന്തകളും ദേശാതിർത്തിക്കൾക്കുമപ്പുറം എത്തിക്കാൻ സഹായിക്കുന്നു.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1. | ആശയരൂപീകരണത്തിന്. ........................................................................ | 4 | |
| 2. | ഉചിതമായ ആവിഷ്കാരത്തിന്. ................................................................. | 2 | **6** |

# 3. അർത്ഥാന്തരങ്ങൾ

**C.O** 1 : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തി രചനകൾ നിർവഹിക്കുന്നതിന്.

2 : ഉപന്യാസങ്ങൾ വിലയിരുത്തുന്നതിനും രചനാശൈലി, ഭാഷാപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തുന്നതിന്.

**ചോദ്യം: നിരൂപണം തയാറാക്കുക**

"സ്ത്രീകൾ ഏതുതരം ജോലി ചെയ്യണമെന്ന് പുരുഷൻ നിശ്ചയിക്കുന്നു. മടുപ്പിക്കുന്നത്. സർഗാത്മകത കുറഞ്ഞതുമായ ജോലികൾ സ്ത്രീകൾക്കായി നീക്കിവയ്ക്കപ്പെടുന്നു."

(അർഥവും ധ്വനിയും - സച്ചിദാനന്ദൻ)

സ്ത്രീപക്ഷ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗങ്ങൾക്ക് ഒരു നിരൂപണം തയാറാക്കുക.

**ദിനചര്യകൾ**

ഇന്ന്, ഒരിക്കൽകൂടി അവൾ
ഒരു കവിതച്ചുരുട്ടിക്കൂട്ടി അതുകൊണ്ട്
അടുപ്പിൽ തീക്കൂട്ടി അതിന്മേൽ
ചായയ്ക്കു വെള്ളം തിളപ്പിച്ചു.

* * * * * * *

ഇന് ഒരിക്കൽ കൂടി
അവൾ നിങ്ങളുടെ ഷൂസ് പോളിഷു ചെയ്തു തന്നു.
നിങ്ങളുടെ ദൗർഭാഗ്യങ്ങൾക്കെല്ലാം
അവൾ അവളെത്തന്നെ കുറ്റപ്പെടുത്തി.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കവിതയുടെ ആശയം കണ്ടെത്തുന്നതിന് | 2 | |
| സ്ത്രീപക്ഷത്തുനിന്നുകൊണ്ട് കവിത വിശകലനം ചെയ്യുന്നതിന് | 4 | 6 |

**C.O** : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തുന്നതിന്.

**ചോദ്യം: വിശകലനം ചെയ്യുക.**

'കുടിയൊഴിക്കൽ' എന്ന കാവ്യശീർഷകത്തിന്റെ അർത്ഥസാധ്യതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*സ്കോർ : 4, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കാവ്യാശയത്തെ 'കുടിയൊഴിക്കൽ' എന്ന ശീർഷകവുമായി ബന്ധപ്പിച്ചിട്ടുണ്ട്. | 2 | |
| വിവിധ അർത്ഥസാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. | 2 | 4 |

**C.O** 1 : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ (അർത്ഥം, സൗന്ദര്യം, ധ്വനി, താളം, ഭാഷ) കണ്ടെത്തി കുറിപ്പുകൾ, പ്രബന്ധങ്ങൾ മുതലായവ തയാറാക്കുന്നതിന്.

2 : നാടോടി വിജ്ഞാനീയവുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തി പ്രബന്ധം രചിക്കുന്നതിന്.

**ചോദ്യം: ലഘൂപന്യാസം തയാറാക്കുക.**

"നാടൻപാട്ടുകൾ പലപ്പോഴും വാച്യാർത്ഥത്തെ അതിലംഘിച്ച് സവിശേഷമായ അർത്ഥതലങ്ങളിലേക്ക് വികസിക്കാറുണ്ട്. ചിലപ്പോഴത് അടിച്ചമർത്തപ്പെട്ട ആശയങ്ങളുടെ പൊട്ടിത്തെറിക്കലാകാം, സാമൂഹികഘടനയെ ചോദ്യം ചെയ്യലാകാം."

താഴെ കൊടുത്തിട്ടുള്ള തോറ്റം പട്ടിനെ വിശകലനം ചെയ്ത ഈ അഭിപ്രായത്തിന്റെ സാധ്യത പരിശോധിക്കുക.

നാങ്കളെ കുപ്പയിൽ നട്ടൊരു തൃത്ത
പ്പൂവല്ലോ നീങ്കളെ തേവന് മാല
നാങ്കളെ കുപ്പയിൽ നട്ടൊരു വാഴ-
പ്പഴമല്ലോ നീങ്കളെ തേവന് പൂജ
നാങ്കളെക്കൊത്ത്യാലുമൊന്നല്ലോചോര
നീങ്കളെക്കൊത്ത്യാലുമൊന്നല്ലോ ചോര.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| നാടൻപാട്ടിന്റെ സാമാന്യാശയം കണ്ടെത്തുന്നതിന്. | 2 | |
| പ്രസ്താവനയെ അപഗ്രഥിക്കുന്നതിന് | 2 | |
| പ്രസ്താവനയെ പാട്ടുമായി ബന്ധിപ്പിച്ച് അർഥതലം കണ്ടെത്തുന്നിന് | 4 | **8** |

**C.O** 1 : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ (അർത്ഥം, സൗന്ദര്യം, ധ്വനി, താളം, ഭാഷ) കണ്ടെത്തി കുറിപ്പുകൾ, പ്രബന്ധങ്ങൾ മുതലായവ തയാറാക്കുന്നതിന്.

**ചോദ്യം: ധ്വനിതലം കണ്ടെത്തുക.**

"കേരളം നന്നാകാനെന്തുനല്ലൂ
പേരൊന്നുമാറ്റികൊടുക്കനല്ലൂ
പോരളമെന്നായാൽ പോരുകില്ലേ
പോരുമേ പോരുമേ, പോരും പോരും"

മുകളിൽ നൽകിയ കവിതയുടെ ധ്വനിതലം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കാവ്യഭാഗത്തെ സാമാന്യാശയം കണ്ടെത്തുന്നതിന്. | 2 | |
| ധ്വനിതലം വിശദമാക്കുന്നതിന് | 4 | **6** |

**C.O** 1 : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ (അർത്ഥം, സൗന്ദര്യം, ധ്വനി, താളം, ഭാഷ) കണ്ടെത്തി കുറിപ്പുകൾ, പ്രബന്ധങ്ങൾ മുതലായവ തയാറാക്കുന്നതിന്.

**ചോദ്യം: കുറിപ്പ് തയാറാക്കുക**

താഴെകൊടുത്തിട്ടുള്ള കാവ്യഭാഗങ്ങൾ താരതമ്യം ചെയ്ത് അവയിലെ അർത്ഥവ്യത്യാസം നൽകുന്ന സൂചനകൾ വിശദമാക്കുക.

- "നിൻകുടിയൊഴിഞ്ഞീടണം, ഈ ഞാൻ
  നിൻകുടിയൊഴിപ്പിക്കുമല്ലെങ്കിൽ"

- "നിൻകുടിയൊഴിഞ്ഞീടണം, ഞങ്ങൾ
  നിൻകുടിയൊഴിപ്പിക്കുമല്ലെങ്കിൽ"

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കാവ്യഭാഗങ്ങളുടെ ആശയം കണ്ടെത്തുന്നതിന് | 2 | |
| കവിതയിലെ സവിശേഷപ്രയോഗങ്ങൾ തിരിച്ചറിയുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അർഥവ്യതിയാനം വിശദീകരിക്കുന്നതിനും | 4 | **6** |

**C.O** 1 : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ (അർത്ഥം, സൗന്ദര്യം, ധ്വനി, താളം, ഭാഷ) കണ്ടെത്തി കുറിപ്പുകൾ, പ്രബന്ധങ്ങൾ മുതലായവ തയാറാക്കുന്നതിന്.

**ചോദ്യം: അർത്ഥസാധ്യതകൾ കണ്ടെത്തുക.**

എൻ.വി. കൃഷ്ണവാര്യരുടെ 'മോഹൻദാസ് ഗാന്ധിയും നാഥുറാം ഗോഡ്സേ'യും എന്ന കവിതയിലെ ചില ഭാഗങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്.

- 'അരിവാങ്ങുവാൻ ക്യൂവിൽ
  ത്തിക്കി നിൽക്കുന്ന ഗാന്ധി;
  അരികേ കൂറ്റൻ കാറി-
  ലേറി നീങ്ങുന്ന ഗോഡ്സേ"

  * * * * * * * *

- 'ഇന്നലെ സന്ധ്യയ്ക്കു ഞാൻ
  ഗാന്ധിയെക്കണ്ടേൻ; പാർക്കിൻ
  മുന്നിലെ നടപ്പാത-
  ക്കോൺക്രീറ്റിൽക്കിടക്കുന്നു'

  * * * * * * * *

- അന്തിയിൽ പ്രോജക്ട്ഹൗസിൽ
  ക്കാറിറങ്ങുന്ന ഗോഡ്സേ
  മന്ത്രിയെക്കാണാനെത്തി-
  ച്ചേരുന്ന പ്രമാണിമാർ

മാറുന്ന ലോകക്രമത്തെക്കുറിച്ച് ഈ കവിത നൽകുന്ന സൂചനകൾ വിശദമാക്കുക.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കാവ്യത്തിന്റെ ആശയം കണ്ടെത്തുന്നതിന്. | 2 | |
| സൂചനകൾ കണ്ടെത്തി വിശദീകരിക്കുന്നതിന്. | 4 | |
| ഉചിതമായ ആവിഷ്കാരത്തിന്. | 2 | **8** |

**C.O** : ചെറുകഥകൾ വിശകലനം ചെയ്ത് സവിശേഷതകൾ കണ്ടെത്തി നിരൂപണങ്ങൾ പഠനങ്ങൾ മുതലായവ തയാറാക്കുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക.**

'ഹിഗ്വിറ്റ' എന്ന കഥയുടെ ചർച്ചാവേളയിൽ ഉയർന്നുവന്ന ചില വാദഗതികളാണ് ചുവടെ കൊടുത്തിട്ടുള്ളത്.

- ഇന്ത്യൻ സ്ത്രീത്വം വിവിധ സാമൂഹികസ്ഥാപനങ്ങളിൽ നിന്നും (കുടുംബം, പോലീസ്, സമൂഹം) നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് ഹിഗ്വിറ്റ മികച്ച രചനയാകുന്നത്.
- ഫോർവേഡ് കളിക്കാനാഗ്രഹിക്കുന്നവൻ ഗോളിയായേണ്ടിവരുമ്പോഴുണ്ടാകുന്ന ആത്മസംഘർഷം ഗീവറുഗീസച്ചനിലൂടെ ആവിഷ്ക്കരിക്കുന്നതാണ് ഈ കഥയെ മെച്ചമാക്കുന്നത്.
- ഫുട്ബോളിന്റേയും സിനിമയുടെയും സാധ്യതകളുപയോഗിച്ച രചനാതന്ത്രമാണ് ഹിഗ്വിറ്റയെ മികച്ച രചനയാക്കുന്നത്.

ഇതിൽ ഏതു വാദഗതിയോടാണ് നിങ്ങൾ കൂടുതൽ യോജിക്കുന്നത്. നിങ്ങളുടെ നിലപാടുകൾ സ്ഥാപിച്ചുകൊണ്ട് ഒരുപന്യാസം തയാറാക്കുക

*സ്കോർ : 8, പുറം : ഒന്നര, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ആശയഗ്രഹണത്തിന് | 2 | |
| നിലപാടുകളുപയോഗിച്ച് കഥയെ അപഗ്രഥിക്കുന്നതിന് | 4 | |
| യുക്തിഭദ്രമായി സ്ഥാപിക്കുന്നതിന് | 2 | **8** |

**C.O** : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: ധ്വനിതലം കണ്ടെത്തുക.**

'പഥേർ പാഞ്ചാലി' എന്ന സിനിമയിൽ പിഷി പാടാറുള്ള പാട്ടാണ് ചുവടെ കൊടുത്തിട്ടുള്ളത്

"പ്രഭോ,
പകൽപോയ് മറയുകയാണ്.
സന്ധ്യയാകുന്നു;
നദിക്കപ്പുറത്തേക്ക്
എന്നെകൊണ്ടുപോകൂ.
കടത്തുകാരനവിടുന്നാണെന്ന്

അവർ പറയുന്നു;
എന്റെ എല്ലാ പ്രാർഥനകളും
അവിടത്തേക്ക്.
ഒരു കൗറി പോലും
നൽകാൻ കഴിവില്ലാത്തവരെ
നദികടത്തിക്കൊണ്ടുപോകുന്നത്
അവിടുന്നാണല്ലോ.
പാവപ്പെട്ട ഒരു യാചകിയാണ് ഞാൻ;
ശൂന്യമാണ് എന്റെ കൈകൾ;
എന്നെയും നദി കടത്തി
കൂടെ കൊണ്ടുപോകൂ.'

മരണം പ്രതീക്ഷിച്ചിരിക്കുന്ന പിഷി പാടുന്ന ഈ ഗാനത്തിന്റെ ധ്വന്യാർത്ഥം കണ്ടെത്തുക. പ്രയോഗം, പദങ്ങൾ എന്നിവയുടെ അർഥതലം വിശദമാക്കി വേണം ധ്വനി കണ്ടെത്തേണ്ടത്.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കവിതയുടെ ആശയം കണ്ടെത്തുന്നതിന്. | 2 | |
| ധ്വനിതലം കണ്ടെത്തി വിശദമാക്കുന്നതിന്. | 4 | |
| സമഗ്രധ്വനിയുമായി കൂട്ടിയിണക്കുന്നതിന് | 2 | **8** |

**C.O** : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: പട്ടികപ്പെടുത്തുക.**

ചുവടെ കൊടുത്തിട്ടുള്ള വരികളിൽ നിന്ന് ബഹുർത്ഥ സാധ്യതകളുള്ള നാല് പദം/പ്രയോഗം തെരഞ്ഞെടുത്ത് പട്ടികപ്പെടുത്തുക.

പ്രഭോ,
പകൽപോയ് മറയുകയാണ്.
സന്ധ്യയാകുന്നു;
നദിക്കപ്പുറത്തേക്ക്
എന്നെകൊണ്ടുപോകൂ.
കടത്തുകാരനവിടുന്നാണെന്ന്
അവർ പറയുന്നു;
എന്റെ എല്ലാ പ്രാർഥനകളും
അവിടത്തേക്ക്.
ഒരു കൗറി പോലും
നൽകാൻ കഴിവില്ലാത്തവരെ
നദികടത്തിക്കൊണ്ടുപോകുന്നത്
അവിടുന്നാണല്ലോ.

| പദം/പ്രയോഗം | സാമാന്യാർഥം | വിശേഷാർത്ഥം |
|---|---|---|
| • പകൽപോയി മറയുക | സൂര്യനസ്തമിക്കാറാവുക | ജീവിതം അവസാനിക്കാറാവുക |
| • | | |
| • | | |
| • | | |
| • | | |

*സ്കോർ : 4, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| പദങ്ങളും അവയുടെ സാമാന്യ, സവിശേഷാർഥങ്ങളും കണ്ടെത്തുന്നതിന് (1 × 4). ........ | 4 | **4** |

**C.O** : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: ബഹ്വർത്ഥങ്ങൾ കണ്ടെത്തുക.**

ചുവടെ തന്നിട്ടുള്ള കാവ്യഭാഗങ്ങളിലെ 'കണ്ണാടി'യെന്ന പദത്തിന്റെ ബഹ്വർത്ഥങ്ങൾ കണ്ടെത്തി കുറിപ്പാക്കുക.

• കണ്ണാടികാൺമോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ

- എഴുത്തച്ഛൻ

• പെണ്ണുകാണാൻ പോകുമ്പോൾ
കണ്ണുമാത്രം പോര
കണ്ണാടിയും കൂടികൊണ്ടുപോകണം

- കുഞ്ഞുണ്ണി

• കണ്ണാടിയിൽമുഖം കാണുന്ന നേരത്ത്
കണ്ണുകളടഞ്ഞുവെറുപ്പാൽ

- അയ്യപ്പപ്പണിക്കർ

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ഓരോ കാവ്യഭാഗത്തിലെയും 'കണ്ണാടി'യെന്ന പദത്തിന്റെ ബഹ്വർത്ഥങ്ങൾ കണ്ടെത്തി വിശദീകരിക്കുന്നതിന് (3 × 2). ........ | 6 | **6** |

**C.O** :കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: താരതമ്യക്കുറിപ്പു തയാറാക്കുക.**

"കണ്ണുവേണമിരുപ്പുറമെപ്പൊഴും
കണ്ണുവേണം മുകളിലും താഴേം
കണ്ണിലെപ്പൊഴും കത്തിജ്ജ്വലിക്കുമുൾ-
കണ്ണുവേണമണയാത്ത കണ്ണ്.

നാളെ നിന്നെ ഞാൻ കൊത്തിമാറ്റുമ്പോൾ
നാളെകൾ നിന്നെ മാടിവിളിക്കും
നിന്റെ ജീവിതം നിൻകാര്യംമാത്രം”

കടമ്മനിട്ടയുടെ ‘കോഴി’യെന്ന കവിതയിലെ തള്ളക്കോഴി, കുഞ്ഞിനു നൽകുന്ന ഉപദേശമാണിത്. തിരസ്കാരത്തിൽ മഹർഷി നൽകുന്ന ഉപദേശം ഇപ്രകാരമാണ്.

“അറിവാണ് ചിറകുകകൾ
ചിറകുറയ്ക്കാതെ പറക്കരുത്
ആഴം ഇരുളുന്ന തടാകങ്ങൾക്ക് മീതേ
കവണക്കണ്ണുകളുള്ള ചന്തകൾക്ക് മീതേ
തോക്കിൻ കണ്ണുള്ള നഗരങ്ങൾക്ക് മീതേ
പക്വതവരാതെ പറക്കരുത്.”

ഈ രണ്ടു കാവ്യഭാഗങ്ങളിലും അടങ്ങിയിട്ടുള്ള ജീവിതവീക്ഷണം താരതമ്യം ചെയ്ത് കുറിപ്പാക്കുക.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| കാവ്യഭാഗങ്ങളിലെ ആശയം കണ്ടെത്തുന്നതിന്. | 2 | |
| രണ്ടുഭാഗങ്ങളിലെയും ധ്വനിതലം കണ്ടെത്തി താരതമ്യം ചെയ്യുന്നതിന് | 4 | |
| ഉചിതമായ ആവിഷ്കാരത്തിന് | 2 | **8** |

**C.O** : കവിതകൾ വിശകലനം ചെയ്ത് കാവ്യസവിശേഷതകൾ കണ്ടെത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: ലഘുകുറിപ്പ് തയാറാക്കുക.**

ചുവടെ കൊടുത്തിട്ടുള്ള കവിതാഭാഗത്തിലെ അടിവരയിട്ടിരിക്കുന്ന പദങ്ങൾ നൽകുന്ന അർത്ഥതലം കണ്ടെത്തി കുറിപ്പാക്കുക.

“വരിക്കപ്ലാവിന്റെ തണൽ വൃത്തത്തിൽ
കോഴിക്കുഞ്ഞ് ചന്തങ്ങളണിഞ്ഞു.
മുറ്റത്തും ഇറയത്തും
ഇടനാഴിയിലും മുറികളിലും
കയറിയിറങ്ങി
വീടിന്റെ വ്യാകരണത്തിൽ രസിച്ചു.
ഓർമയും മോഹവും പേടിയും ചികഞ്ഞു.
നാണിച്ചും മടിച്ചും മേനിഭാവിച്ചും
തടിച്ചുകൊഴുത്തു.”

*സ്കോർ : 6, അരപുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| പദങ്ങളുടെ അർത്ഥതലം കണ്ടെത്തുന്നതിന്. (3 × 2). | 6 | **6** |

# 4. അറിവും ആവിഷ്കാരവും

**C.O** : ഉചിതമായ സ്രോതസുകളിൽ നിന്നും വിവരശേഖരണം നടത്തി വൈവിധ്യമാർന്ന ഉപന്യാസങ്ങൾ തയാറാക്കുന്നതിന്.

: ചോദ്യാവലികൾ, സർവേഫോറം എന്നിവ തയാറാക്കി സർവേകൾ നടത്തി വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടുകൾ, പ്രബന്ധങ്ങൾ മുതലായവ രൂപ്പെടുത്തുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക.**

സമൂഹത്തിന്റെ മാധ്യമശീലങ്ങൾക്ക് കാലാനുസൃതമായി വരുന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്ന ചില പട്ടികകളാണ് താഴെ കൊടുത്തിരിക്കുന്നത്. അവ അപഗ്രഥിച്ച് അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഉപന്യസിക്കുക.

| പത്രങ്ങളുടെ പ്രചാരം (ഇന്ത്യയിൽ) | | പത്രങ്ങളുടെ പ്രചാരം (കേരളത്തിൽ) | |
|---|---|---|---|
| 1991 | 8 കോടി | 1991 | 12 ലക്ഷം |
| 2006 | 36 കോടി | 2006 | 36 ലക്ഷം |

- 1991 മുതൽ 2006 വരെയുള്ള കാലയളവിലാണ് ദൃശ്യമാധ്യമങ്ങളുടെ വളർച്ച ഇന്ത്യയിൽ സംഭവിച്ചത്.

| | 2000 | 2006 |
|---|---|---|
| പത്രവായനക്കാർ | 23 കോടി | 36 കോടി |
| ടി.വി. പ്രേക്ഷകർ | 30 കോടി | 39 കോടി |
| ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ | 30 ലക്ഷം | 1 1/4 കോടി |
| റേഡിയോ കേൾവിക്കാർ | 12 കോടി | 15 കോടി |

മാധ്യമങ്ങളുടെ പരസ്യവരുമാനം - 2005

| | |
|---|---|
| ടെലിവിഷൻ ചാനലുകൾ | 18500 കോടി രൂപ |
| പത്രങ്ങൾ | 9500 കോടി രൂപ |

*സ്കോർ : 8, പുറം : ഒന്ന്, സമയം : 20 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| പട്ടികയിലെ വിവരങ്ങൾ മനസിലാക്കുന്നതിന് | 2 | |
| പട്ടികകൾ അപഗ്രഥിച്ച് ഉചിതമായ നിഗമനങ്ങളിൽ എത്തുന്നതിന് | 4 | |
| ഉചിതമായ ആവിഷ്കാരത്തിന് | 2 | **8** |

**C.O** : ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്ത് അഭിപ്രായപ്രകടനം നടത്തുന്നതിനും വ്യത്യസ്ത നിരീക്ഷണങ്ങൾ വിലയിരുത്തുന്നതിനും.

**ചോദ്യം: ആശയസൂചനകൾ എഴുതുക.**

'ടൂറിസം നമ്മുടെ നാടിന്റെ വികസനത്തിന് അനിവാര്യമാണ്.' ഈ പ്രസ്താവനയോട് യോജിച്ചോ വിയോജിച്ചോ ഒരു സംവാദത്തിൽ അവതരിപ്പിക്കാനുള്ള നാലുവാദമുഖങ്ങൾ (സൂചനകൾ) എഴുതുക.

*സ്കോർ : 4, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

| **മൂല്യനിർണയ സൂചകങ്ങൾ** | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ഒരു നിലപാടിനെ സാധൂകരിക്കുന്ന നാല് ആശയസൂചനകൾ (4 × 1). | 4 | **4** |

**C.O** : ഉചിതമായ സ്രോതസുകളിൽ നിന്നും വിവരശേഖരണം നടത്തി വൈവിധ്യമാർന്ന ഉപന്യാസങ്ങൾ തയാറാക്കുന്നതിന്.

**ചോദ്യം: ആമുഖക്കുറിപ്പ് തയാറാക്കുക.**

നിങ്ങളുടെ സ്കൂളിനെക്കുറിച്ച് തയാറാക്കിയ സമഗ്രമായ പഠനം 'എന്റെ സ്കൂൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. എഡിറ്റർ എന്ന നിലയിൽ ആമുഖക്കുറിപ്പ് തയാറാക്കേണ്ട ചുമതല നിങ്ങൾക്കാണ്. ഉള്ളടക്കത്തെ സാമാന്യമായി പരിചയപ്പെടുത്തുന്ന ആമുഖക്കുറിപ്പ് തയാറാക്കുക. (സ്കൂളിലെ ഭൗതികസാഹചര്യം, വിദ്യാഭ്യാസനിലവാരം, കുട്ടികളെ സംന്ധിക്കുന്ന വിവരങ്ങൾ, അധ്യാപകരെക്കുറിച്ചുള്ള വിവരങ്ങൾ, സ്കൂൾ ചരിത്രം, വിദ്യാഭ്യാസേതര പ്രവർത്തനങ്ങൾ മുതലായവയാണ് പഠനത്തിന് വിധേയമാക്കിയത്).

*സ്കോർ : 6, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

| **മൂല്യനിർണയ സൂചകങ്ങൾ** | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ഉള്ളടക്കത്തെ സംബന്ധിച്ച ധാരണയ്ക്ക് | 4 | |
| ഉചിതമായ അവതരണത്തിന്. | 2 | **6** |

**C.O** : ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്ത് അഭിപ്രായപ്രകടനം നടത്തുന്നതിനും വ്യത്യസ്ത നിരീക്ഷണങ്ങൾ വിലയിരുത്തുന്നതിനും.

**ചോദ്യം: ആമുഖക്കുറിപ്പ് തയാറാക്കുക.**

"30 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക്കുകളുടെ നിരോധനം നമ്മുടെ നിത്യജീവിതത്തിൽ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും. നമ്മൾ നിരന്തരം ഉപയോഗിക്കുന്ന നിരവധി വസ്തുക്കൾ രോഗകാരണങ്ങളാണ്; പ്രകൃതിക്ക് ദോഷം വരുത്തുന്നതാണ്. എന്നാൽ അവയൊന്നും നാം ഉപേക്ഷിക്കാറില്ല. കഴിയുന്നത്രകാലം സുഖമായി ജീവിക്കുകയാണ് വേണ്ടത്."

സമൂഹത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും വിശാലമായ കാഴ്ചപ്പാട് സൂക്ഷിക്കുന്ന ഒരാൾക്ക് ഈ അഭിപ്രായത്തോട് യോജിക്കാൻ കഴിയുമോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

| **മൂല്യനിർണയ സൂചകങ്ങൾ** | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| സമൂഹത്തിന്റെയും പ്രകൃതിയുടെയും പക്ഷത്തുനിന്നുകൊണ്ടുള്ള ആശയരൂപീകരണത്തിന് | 4 | |
| ഉചിതമായ ആവിഷ്കാരത്തിന് | 2 | **6** |

**C.O** : നാടോടിവിജ്ഞാനീയവുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തി പ്രബന്ധം രചിക്കുന്നതിന്.

**ചോദ്യം: വിശകലനക്കുറിപ്പ് തയാറാക്കുക.**

നാടൻപാട്ടുകളെക്കുറിച്ചുള്ള ചില അഭിപ്രായപ്രകടനങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്.

- ഭൂതകാലജീവിതത്തിന്റെ സന്തോഷങ്ങളും സഹതാപങ്ങളും പ്രതീക്ഷകളും നിരാശകളുമെല്ലാം നാടൻപാട്ടിൽ പ്രതിഫലിക്കുന്നുണ്ട്.
- അടിച്ചമർത്തപ്പെട്ട ജീവിതങ്ങളുടെ വിമോചനപ്രതീക്ഷകൾ ഈ പാട്ടുകളിൽ നിഴലിക്കുന്നു.
- മനസിലേക്ക് നേരിട്ട് കടക്കുന്ന താളവും ഭാവവും ഈ പാട്ടുകളുടെ പ്രത്യേകതകളാണ്.
- വായ്മൊഴിയുടെ ചൊടിയും ചേലും നിറഞ്ഞുനിൽക്കുന്ന ഭാഷയാണ് നാടൻപാട്ടുകളിലുള്ളത്.

ചുവടെകൊടുത്തിട്ടുള്ള നാടൻപാട്ടുകളെ ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

* എന്തു ചുത്തി ബ്രാഹ്മണാ
ഏതു ചുത്തി ബ്രാഹ്മണാ
എന്തു ചുത്തി ബ്രാഹ്മണാ
ഏതു ചുത്തി ബ്രാഹ്മണാ
പശുവിൻ പാലും കൊള്ളാം
മലവും മൂത്രവും കൊള്ളാം
അകത്തെ മാമസം തിന്നും
ഏങ്ങക്കെന്തൊരുതീണ്ടല്...

* നേരം പോയ് നേരം പോയ്
പൂക്കൈത മറപറ്റി
കാലംകോഴി കുളക്കോഴി
തത്തി തത്തിച്ചാടുന്നേ
അരത്തൊണ്ട് കള്ളും തന്നേ
കൊല്ലാക്കൊല കൊല്ലിണിയോ
അരമുറി കരിക്കും തന്നേ
കൊല്ലാക്കൊല കൊല്ലിണിയോ
ഏനിവിടെ വന്നേപിന്നെ
വെട്ടാകുളം വെട്ടിച്ചേ
ഏനവിടെ ചെന്നേ പിന്നെ
കെട്ടാപ്പുര കെട്ടിച്ചേ ''

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| നാടൻപാട്ടുകളിലെ ആശയം കണ്ടെത്തുന്നതിന്. | 2 | |
| നാല് ആശയങ്ങളുമായി ബന്ധിപ്പിച്ച് പാട്ടിനെ വിശകലനം ചെയ്യുന്നതിന് | 4 | |
| ഉചിതമായ ആവിഷ്കാരത്തിന് | 2 | **8** |

**C.O** : ഉചിതമായ സ്രോതസ്സുകളിൽ നിന്ന് വിവരശേഖരണം നടത്തി വൈവിധ്യമാർന്ന ഉപന്യാസങ്ങൾ തയാറാക്കുന്നതിന്.

ചോദ്യാവലികൾ, സർവേഫോറം എന്നിവ തയാറാക്കി സർവേകൾ നടത്തി വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടുകൾ, പ്രബന്ധങ്ങൾ മുതലായവ രൂപപ്പെടുത്തുന്നതിന്.

**ചോദ്യം: ഉപന്യാസം തയാറാക്കുക.**

NATPARC (National Transport Planning and Research Centre) കണ്ടെത്തിയ ചില വിവരങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്.

- 1960 മുതൽ 1980 വരെ അപകടമരണങ്ങളിലൂടെ ആകെ മരിച്ചവർ 3129 പേരാണ്.

| വർഷം | വാഹന അപകടങ്ങളുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | മരിച്ചവരുടെ എണ്ണം |
|---|---|---|---|
| 1985 | 13756 | 18455 | 1489 |
| 1990 | 24447 | 26996 | 1793 |
| 1995 | 36086 | 49950 | 2519 |
| 2000 | 37082 | 49399 | 2710 |
| 2005 | 41678 | 51225 | 3051 |

- അലസമായ ഡ്രൈവിംഗ്, മദ്യപാനം, റോഡുകളുടെ ശോചനീയാവസ്ഥ എന്നിവ അപകടങ്ങൾക്ക് കാരണമാകുന്നു.

അപകടങ്ങളിൽപ്പെട്ട വാഹനങ്ങൾ - 2005

| സ്വാകര്യ വാഹനങ്ങൾ | കെ.എസ്.ആർ.ടി.സി. | ലോറി | മിനിബസ്/ മിനിലോറി | കാർ | ജീപ്പ് | ഓട്ടോ | ടൂവീലർ |
|---|---|---|---|---|---|---|---|
| 4389 | 1504 | 2121 | 2717 | 7180 | 2006 | 7851 | 21333 |

ഈ വിവരങ്ങളിൽ നിന്നും നാലു നിഗമനങ്ങൾ കണ്ടെത്തുക. നിഗമനങ്ങളെ സൂചകങ്ങളായി പരിഗണിച്ചുകൊണ്ട് ഉപന്യാസം തയാറാക്കുക.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| നിഗമനങ്ങൾ കണ്ടെത്തുന്നതിന്. .......... | 2 | |
| നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ആശയങ്ങൾ അവതരിപ്പിക്കുന്നതിന്. .......... | 4 | |
| ഉചിതമായ ആവിഷ്കാരത്തിന് .......... | 2 | **8** |

**C.O** : നാടോടി വിജ്ഞാനീയവുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: പരിചയക്കുറിപ്പ് തയാറാക്കുക.**

നിങ്ങളുടെ സ്കൂളിൽ നടക്കുന്ന നാട്ടറിവുമേളയിൽ പ്രദർശിപ്പിക്കുന്ന ഏതെങ്കിലുമൊരു ഉപകരണത്തെ പരിചയപ്പെടുത്തുന്നതിനുള്ള കുറിപ്പ് തയാറാക്കുക.

*സ്കോർ : 4, പുറം : അര, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ഉപകരണത്തെക്കുറിച്ചുള്ള ധാരണയ്ക്ക് .......... | 2 | |
| ഉചിതമായ അവതരണത്തിന് .......... | 2 | **4** |

**C.O** : ഉചിയമായ സ്രോതസ്സുകളിൽനിന്നും വിവരശേഖരണം നടത്തി വിവിധ വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നതിന്.

**ചോദ്യം: കത്ത് തയാറാക്കുക.**

ചുവടെകൊടുത്തിട്ടുള്ള പത്രവാർത്തകളോട് പ്രതികരിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയാറാക്കുക.

### ഡോക്ടർമാർ സമരത്തിലേക്ക്

തിരു: സർക്കാർ സർവീസിൽ ജോലിനോക്കുന്ന ഡോക്ടർമാർ ഈ മാസം 30-ാം തീയതി മുതൽ അനിശ്ചിതകാലസമരം നടത്തുമെന്ന് സർക്കാർ ഡോക്ടർമാരുടെ സംഘടനാ നേതാക്കന്മാർ പത്രസമ്മേളനത്തിൽ അറിയിച്ചു. വർദ്ധിച്ചുവരുന്ന ജീവിതനിലവാരത്തിനനുസരിച്ച് സേവനവേതന വ്യവസ്ഥകൾ മാറ്റണമെന്നാണ് ഡോകർമാരുടെ പ്രധാന ആവശ്യം. സ്വകാര്യ ആശുപത്രികളിൽ നല്ല പ്രതിഫലം കിട്ടുമെന്നിരിക്കെ സാമൂഹികപ്രതിബദ്ധതയുടെ പേരിൽ സർക്കാർ സർവീസിൽ ജോലി നോക്കുന്നവരുടെ പ്രശ്നങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് തങ്ങൾ പ്രതീക്ഷിക്കുന്നതെന്നവർ പറഞ്ഞു.

### പനിപടരുന്നു; ജനം വലയും.

സ്വന്തം ലേഖകൻ

തിരു: സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന പനിമൂലം ജനജീവിതം താളം തെറ്റുകയാണ്. സ്വകാര്യ ആശുപത്രികളിൽ ഒരാളുടെ ചികിത്സയ്ക്ക് ഏകദേശം അയ്യായിരം രൂപ ചിലവാകുന്നുണ്ട്. സാധാരണക്കാരും ഇടത്തരക്കാരുമായ ആളുകൾ ഇപ്പോൾ സർക്കാർ ആശുപത്രികളെയാണ് ശരണം പ്രാപിക്കുന്നത്.

*സ്കോർ : 6, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| പത്രാധിപർക്കുള്ള കത്തിന്റെ ആശയരൂപീകരണത്തിന് | 4 | |
| ഉചിതമായ അവതരണത്തിന്. | 2 | **6** |

**C.O** : നാടോടിവിജ്ഞാനീയവുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തി രചനകൾ നിർവഹിക്കുന്നതിന്.

**ചോദ്യം: ആമുഖപ്രഭാഷണം തയാറാക്കുക.**

'കാൽക്കളി'യെന്ന നാടൻ കലാരൂപത്തെക്കുറിച്ചുള്ള ചില വിവരങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്.

- തെക്കൻ കേരളത്തിലെ ചില സ്ഥലങ്ങളിൽ 'കുറവർ' സമുദായത്തിനിടയിൽ കാണുന്ന അനുഷ്ഠാനകലാരൂപം.
- 'ചാവരുകാവു'കളിൽ ഉത്സവത്തോടനുബന്ധിച്ച് അരങ്ങേറുന്നു.
- 'അപ്പൂപ്പ'നെ പ്രസാദിപ്പിക്കുവാനാണ് ഇത് കളിക്കുന്നത്.
- വൃത്തത്തിൽ ചുവടുകൾവച്ച് താളത്തിൽ കളിക്കുന്നു.
- കളരിച്ചുവടുകൾ അനുസരിക്കുന്നു.

- കൃഷിപ്പാട്ട്, അപ്പൂപ്പനെ പ്രകീർത്തിക്കുന്ന പാട്ടുകൾ, രാമായണം, ഭാരതം കഥകളെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ എന്നിവ സംഘമായി പാടുന്നു.

ഈ കലാരൂപം അരങ്ങേറുന്നതിനുമുമ്പായി അവതരിപ്പിക്കാൻ ഒരു ആമുഖപ്രഭാഷണം തയാറാക്കുക.

*സ്കോർ : 8, പുറം : ഒന്ന്, സമയം : 15 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| സൂചനകൾ ഉപയോഗിച്ച് ആശയം രൂപീകരിക്കുന്നതിന്. .................... | 4 | |
| ഉചിതമായ അവതരണത്തിന്. .................... | 2 | **6** |

**C.O** : മലയാളഭാഷയുടെ സവിശേഷതകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : കുറിപ്പെഴുതുക**

രണ്ടു വ്യത്യസ്തവാദമുഖങ്ങൾ ചുവടെ ചേർക്കുന്നു. ഏതെങ്കിലും ഒരു വാദത്തോടുയോജിച്ചുകൊണ്ട് ആ വാദത്തെ സാധൂകരിക്കുന്ന ആശയങ്ങൾ കുറിപ്പായി അവതരിപ്പിക്കുക.

**വാദം 1**

അന്യഭാഷയിലെ പദങ്ങളും പ്രയോഗങ്ങളും മാതൃഭാഷയിൽ കടന്നുവരരുത്. അങ്ങനെ വരുന്ന സാഹചര്യത്തിൽ ആ അർത്ഥം വരുന്ന പുതിയൊരു വാക്ക് ഭാഷയിൽ ഉണ്ടാക്കിയെടുത്ത് പ്രചരിപ്പിക്കണം. ഭാഷാപ്രയോഗത്തിൽ വ്യാകരണനിയമങ്ങളെ അണുവിട തെറ്റിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായ നിലപാട് മാതൃഭാഷയെ നശിപ്പിക്കും.

**വാദം 2**

ഭാഷയിൽ പദങ്ങളും പ്രയോഗങ്ങളും ചലനാത്മക സ്വഭാവമുള്ളവയാണ്. ഒരു പദം/പ്രയോഗം എല്ലാ കാലത്തേയ്ക്കും ഒരേ അർത്ഥത്തിൽ സംവേദനം നടത്തിക്കൊള്ളണമെന്നില്ല. ഒരു പദത്തിനുപകരം കൂടുതൽ സമ്പർക്കമുള്ള ഭാഷയിലെ പദങ്ങൾ കടന്നുവരും. ഇതു സ്വാഭാവികമാണ്. വ്യാകരണഗ്രന്ഥത്തിൽ നിർദ്ദേശിക്കുന്ന നിയമങ്ങളല്ല, മറിച്ച് ഭാഷ പ്രയോഗിക്കുന്ന സമൂഹത്തിന്റെ സ്വഭാവമാണ് പ്രധാനം.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| പ്രസ്താവന മനസിലാക്കുന്നതിന്. .................... | 3 | |
| യുക്തിഭദ്രമായി സമർത്ഥിക്കുന്നതിന്. .................... | 3 | **6** |

**C.O** : മലയാളഭാഷയുടെ സവിശേഷകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : ലഘൂവിവരണം തയാറാക്കുക**

'അല്ലോ' എന്ന രൂപം ചേർന്ന മൂന്നു വാക്യങ്ങൾ ചുവടെ ചേർക്കുന്നു. 'അല്ലോ' യുടെ പ്രയോഗം ഉണ്ടാക്കുന്ന അർത്ഥവ്യത്യാസങ്ങൾ കണ്ടെത്തി ഒരു ലഘുവിവരണം തയാറാക്കുക.

1. സൂര്യൻ കിഴക്കാണല്ലോ ഉദിക്കുന്നത്.

2. അവനോടാണല്ലോ ഞാനിതു പറഞ്ഞത്.

3. നീ പോവുകയാണല്ലോ.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| സന്ദർഭങ്ങളിൽ നിന്ന് അർത്ഥസാധ്യകൾ കണ്ടെത്തി വിശദീകരിച്ചിട്ടുണ്ട്. (3 × 2) | | **6** |

**C.O** : മലയാളഭാഷയുടെ സവിശേഷകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : പ്രതികരണം തയാറാക്കുക**

താഴെകൊടുത്തിരിക്കുന്ന ചോദ്യവും അതിന്റെ മറുപടിയും പരിശോധിച്ച് ഭാഷാപഠനത്തെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം തയാറാക്കുക.

ചോദ്യം : ഭാഷ പഠിക്കാൻ സ്കൂളിൽ പോകണമെന്നുണ്ടോ? ഭാഷയിൽ പഠിക്കാൻ എന്തിരിക്കുന്നു?

മറുപടി : സ്കൂളിൽ പോകാത്തയാളും ഭാഷ പഠിക്കുന്നുണ്ടല്ലോ? എന്നാൽ ഭാഷാപ്രയോഗത്തിന്റെ സൂക്ഷ്മതലം വിശദീകരിക്കാൻ അയാൾക്കാവുമോ? സാഹിത്യം, ശാസ്ത്രം എന്നിങ്ങനെ ഉയർന്ന തലത്തിലുള്ള രചനകൾ മനസ്സിലാക്കാൻ ഭാഷാപഠനം അനിവാര്യമാണ്.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ഭാഷാപഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിന്. ............ | 3 | |
| അഭിപ്രായം വിശകലനം ചെയ്യുന്നതിന്. ............ | 3 | **6** |

**C.O** : മലയാളഭാഷയുടെ സവിശേഷകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : അർഥങ്ങൾ കണ്ടെത്തുക**

താഴെ തന്നിരിക്കുന്ന വാക്യങ്ങൾ ഉത്പ്പാദിപ്പിക്കുന്ന വിവിധ അർഥങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

1. ഭാര്യ പറഞ്ഞാൽ കേൾക്കണം.
2. കാണാതെ പഠിക്കരുത്.

*സ്കോർ : 4, പുറം : അര, സമയം : 5 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| അർത്ഥവ്യത്യാസങ്ങൾ വിശദീകരിക്കുന്നതിന്. ............ | (2 × 2). | **4** |

**C.O** : മലയാളഭാഷയുടെ സവിശേഷകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : കുറിപ്പ് തയാറാക്കുക.**

1. കുട്ടി പാൽ കുടിച്ചു.
2. വെളുത്ത കുട്ടി കറുത്തപശുവിന്റെ പാൽ കുടിച്ചു.

3. അഞ്ചുവയസ്സുള്ള വെളുത്തകുട്ടി ഇന്നലെ വാങ്ങിയ കറുത്തപശുവിന്റെ കൊഴുത്തപാൽ ആർത്തിയോടെ കുടിച്ചു.

മുകളിൽ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ പ്രകടമാകുന്ന ഭാഷയുടെ സ്വഭാവ സവിശേഷതകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

*സ്കോർ : 4, പുറം : ഒന്ന്, സമയം : 7 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| വാക്യങ്ങളുടെ വ്യത്യാസം തിരിച്ചറിയുന്നതിന്. | 2 | |
| സിദ്ധാന്തം വിശദീകരിക്കാൻ കഴിയുന്നതിന് | 2 | **4** |

**C.O** : മലയാളഭാഷയുടെ സവിശേഷകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : കുറിപ്പ് തയാറാക്കുക.**

രാമനും കൃഷ്ണനും ഗോവിന്ദനും മുരളിയും അശോകനും റഹീമും വാസുവും ജോസഫും മുരുകനും സലാമും രവിയും ഹരിയും സുകുമാരനും സക്കറിയയും ജയശ്രീയും ദീപയും സ്വപ്നയും ബിന്ദുവും അമ്പിളയും സീനയും സുനീറയും ആനിയും ഫസീലയും സാറയും ഹയർസെക്കന്ററി വിദ്യാർഥികളാണ്.

ഈ വാക്യം പരിശോധിച്ച് ഇതിലെ വ്യാകരണികത, പ്രയോഗസാധ്യത എന്നിവയെക്കുറിച്ചുള്ള ആശയങ്ങൾ ഒരു കുറിപ്പായി അവതരിപ്പിക്കുക.

*സ്കോർ : 4, പുറം : അര, സമയം : 5 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| വ്യാകരണികത, പ്രയോഗസാധ്യത എന്നീ ആശയങ്ങൾ തിരിച്ചറിയുന്നതിന്. | 2 | |
| വിശദീകരിക്കാൻ കഴിയുന്നതിന് | 2 | **4** |

**C.O** : മലയാളഭാഷയുടെ സവിശേഷകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : വ്യാകരണക്കുറിപ്പ് തയാറാക്കുക.**

പനമരം സർക്കാർ എച്ച്.എസ്.എസിലെ വിദ്യാർഥികൾക്കുവേണ്ടി മലയാളവിഭാഗം നടത്തിയ പ്രസം ഗമത്സരത്തെ വിലയിരുത്തിക്കൊണ്ട് ഒരു വിധികർത്താവു നല്കിയ വിധി നിർണയക്കുറിപ്പാണ് താഴെ കൊടുത്തിരിക്കുന്നത്.

"പങ്കെടുത്ത കുട്ടികൾക്കെല്ലാം പ്രസംഗവിഷയത്തെക്കുറിച്ച് നല്ല ധാരണയുണ്ട്. മനീഷിനെയും ഗഫൂറിനെയുംകാൾ നന്നായി പ്രസംഗിച്ചത് അജിത്ത് ആണ്. ഗഫൂറിന് നല്ല ആശയങ്ങളു ണ്ട്. പറഞ്ഞു പ്രതിഫലിപ്പിക്കാനാവുന്നില്ല. തരുണിന്റെ പ്രസംഗം വളരെ നന്നായിരുന്നു. ഉചിതമായ പദങ്ങൾ, ശൈലികൾ എന്നിവയിലൂടെ ഈ കുട്ടി അജിത്തിനേക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചു..."

1. അജിത്, മനീഷ്, ഗഫൂർ, തരുൺ എന്നിവർക്ക് ഭാഷാസിദ്ധിയിൽ (competency) ഏറ്റക്കുറച്ചി ലുകളില്ല.

2. മനീഷ്, ഗഫൂർ എന്നിവരെക്കാൾ മികച്ച ഭാഷാസിദ്ധിയാണ് അജിത്, തരുൺ എന്നവർക്കു ള്ളത്.

3. മനീഷ്, ഗഫൂർ എന്നിവർക്ക് ഭാഷാപ്രയോഗസമർത്ഥ്യമില്ല.

4. തരുണിനാണ് ഉയർന്ന ഭാഷാപ്രയോഗ സമർത്ഥ്യം (performance) ഉള്ളത്.

ഈ പ്രസ്താവനകളിൽ ശരിയായവ എടുത്തെഴുതുക. അവ എന്തുകൊണ്ട് ശരിയാണെന്നും മറ്റുള്ള പ്രസ്താവനകൾ എന്തുകൊണ്ട് തെറ്റായെന്നും വിശദീകരിക്കുക.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 8 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ശരിയായ പ്രസ്താവനകൾ കണ്ടെത്തുന്നതിന്. | 2 | |
| കാരണം എഴുതുന്നതിന്. | 4 | **6** |

**C.O** : മലയാളഭാഷയുടെ സവിശേഷതകൾ അപഗ്രഥിച്ച് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും രചനകളിൽ പ്രയോഗിക്കുന്നതിനും.

**ചോദ്യം : കുറിപ്പ് തയാറാക്കുക.**

"മന്ദമാരുതൻ ആഞ്ഞുവീശുന്ന തണുപ്പുള്ള അർദ്ധരാത്രിയിൽ സൂര്യകിരണങ്ങളേറ്റു ചുട്ടു പഴുത്ത നിലത്ത് അവൻ പറന്നുനടന്നു."

വ്യാകരണികത, വ്യാകരണവാക്യം, അവ്യാകരണവാക്യം എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ മുകളിൽകൊടുത്ത വാക്യത്തെക്കുറിച്ച് ഒരു വിശകലനക്കുറിപ്പ് തയാറാക്കുക.

*സ്കോർ : 4, പുറം : അര, സമയം : 5 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ഘടനാപരമായി വ്യാകരണികതയുണ്ടെന്ന് കണ്ടെത്തുന്നതിന്. | 2 | |
| ആർത്ഥികമായ പ്രശ്നം കണ്ടെത്തുന്നതിന്. | 2 | **4** |

**C.O** : സർഗാത്മകരചനകളുടെ വിവർത്തനമാതൃകകൾ പരിചയപ്പെടുന്നതിനും വിവർത്തനത്തിനുള്ള പ്രായോഗികശേഷി കൈവരിക്കുന്നതിനും.

**ചോദ്യം : കുറിപ്പ് തയാറാക്കുക.**

ബഷീറിന്റെ 'ന്റെപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവൽ വിവർത്തനം ചെയ്ത ഒരു പരിഭാഷകൻ പരിഭാഷയ്ക്കു നൽകിയ തലക്കെട്ട് 'My grandfather had an elephant' എന്നായിരുന്നു. 'ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു' എന്ന ആശയത്തെ എത്ര മാത്രം ഉൾക്കൊള്ളാൻ ഈ ശീർഷകത്തിന് കഴിയുന്നുണ്ട് ? വിവർത്തനത്തിൽ 'സർഗാത്മക കൃതികളുടെ തർജ്ജമ നേരിടുന്ന പ്രശ്നങ്ങൾ' ചൂണ്ടിക്കാട്ടി ഒരു കുറിപ്പ് തയാറാക്കുക.

*സ്കോർ : 4, പുറം : അര, സമയം : 5 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ആശയം ഉൾക്കൊള്ളുന്നതിന്. | 2 | |
| സമാനമാതൃകകളുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിവരിക്കുന്നതിന്. | 2 | **4** |

**C.O** : സർഗാത്മകരചനകളുടെ വിവർത്തനമാതൃകകൾ പരിചയപ്പെടുന്നതിനും വിവർത്തനത്തിനുള്ള പ്രായോഗികശേഷി കൈവരിക്കുന്നതിനും.

**ചോദ്യം : പത്രവാർത്ത തയാറാക്കുക.**

താഴെക്കൊടുത്തിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് മലയാളത്തിൽ ഒരു പത്രവാർത്ത തയാറാക്കുക.

Heavy rains all over Kerala - 8 dead - 52 people injured - 70 houses collapsed - low areas under water - Idukki dam under threat - roads were completely destroyed - Two fishing boats drowned - land slide in Wayanad - Southern districts affected more - Chief minister visited affected areas - rain started the day after Thiruvonam - will continue for two days.

*സ്കോർ : 6, പുറം : ഒന്ന്, സമയം : 8 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ആശയം ഉൾക്കൊള്ളുന്നതിന്. | 2 | |
| വിവർത്തനത്തിലെ പ്രായോഗികശേഷിക്ക്. | 2 | |
| വാർത്തയുടെ ഘടനയും ഭാഷയും ഉപയോഗിച്ചതിന് | 2 | **6** |

**C.O** : ഔദ്യോഗികമായ അറിയിപ്പുകൾ, ഉത്തരവുകൾ, കത്തുകൾ, വാർത്തകൾ തുടങ്ങിയവയുടെ വിവർത്തനത്തിൽ പ്രായോഗികശേഷി നേടുന്നതിന്.

**ചോദ്യം : കത്ത് തയാറാക്കുക.**

താഴെക്കൊടുത്തിരിക്കുന്ന അറിയിപ്പിന് മലയാളത്തിൽ മറുപടി തയാറാക്കുക.

**Office of the Kerala Water Authority, Thrissur**

To

Sir: ___________________

Consumer No: 365/2000

Dear Customer,

It is noticed that you have to pay Rs. 5000 towards the arrear of water charge for the year 2006. This is to inform you that, you should remit the amount in our office before 31-10-2007. If not paid, water supply will be disconnected without prior information.

Thrissur
05-07-2007

Yours faithfully,

Accounts Officer

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ആശയം ഉൾക്കൊള്ളുന്നതിന്. | 2 | |
| ഉചിതമായ രീതിയിൽ മറുപടി തയാറാക്കുന്നതിന് | 4 | **6** |

**C.O** : സർഗാത്മകരചനകളുടെ വിവർത്തനമാതൃകകൾ പരിചയപ്പെടുന്നതിനും വിവർത്തനത്തിനുള്ള പ്രായോഗികശേഷി കൈവരിക്കുന്നതിനും.

**ചോദ്യം : ആസ്വാദനക്കുറിപ്പ് തയാറാക്കുക.**

ചുവടെ കൊടുത്തിരിക്കുന്ന കവിത വായിച്ച് മലയാളത്തിൽ ആസ്വാദനക്കുറിപ്പെഴുതുക.

**The Orphan's Song**

I had a little bird
I took it form the nest
I prest it and blest it
And nursed it my breast
I set on the ground
I danced round and round
And sang about it so cheerly
Hey my little bird
I love the dearly...!

SYDNEY DoBELL

*സ്കോർ : 6, പുറം : ഒന്ന്, സമയം : 10 മിനിറ്റ്*

**മൂല്യനിർണയ സൂചകങ്ങൾ**

| | സ്റ്റേജ് സ്കോർ | ആകെ സ്കോർ |
|---|---|---|
| ആശയം ഉൾക്കൊള്ളുന്നതിന്. | 2 | |
| ആസ്വാദനം തയാറാക്കുന്നതിന്. | 4 | **6** |